**GE-DA2/217/2023-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-ശ്രീ.അനീഷ് .ഒ, എച്ച്.എസ്.എ (ഗണിതം), ഗവ. ഹയർ സെക്കന്ററി സ്കൂൾ, തൊടിയൂർ, കൊല്ലം-അച്ചടക്കനടപടി-തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3023/2026/GEDN തീയതി,തിരുവനന്തപുരം, 04-05-2026

---

പരാമർശം:-
1) 12.09.2022 ലെ യു3/220/2021-പൊവിവ നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
2) ശ്രീ.അനീഷ്.ഒ സമർപ്പിച്ച 28.10.2022 ലെ പ്രതിവാദപത്രിക
3) 26.12.2023 ലെ സ.ഉ(സാധാ) നം 8222/ 2023/ പൊവിവ
4) 21.07.2025 ലെ DA2/217/2023 നം കാരണം കാണിക്കൽ നോട്ടീസ്
5) ശ്രീ അനീഷ് ഒ സമർപ്പിച്ച 19.08.2025 ലെ മറുപടി

**ഉത്തരവ്**

സർക്കാർ /എയ്ഡഡ് സ്കൂൾ അധ്യാപകരും സർക്കാർ ഉദ്യോഗസ്ഥരും സ്വകാര്യ ട്യൂഷൻ എടുക്കുന്നുവെന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് 15/12/2018 ൽ നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീ. അനീഷ്. ഒ, എച്ച്.എസ്.എ (ഗണിതം), ഗവ. ഹയർ സെക്കന്ററി സ്കൂൾ, തൊടിയൂർ, കൊല്ലം എന്നവർ കരുനാഗപ്പള്ളിയിലെ ഗൈഡൻസ് അക്കാദമിയിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതായി കണ്ടെത്തിയിരുന്നു. ആയതിനാൽ ടിയാനെ ദൂരസ്ഥലത്തേയ്ക്ക് സ്ഥലം മാറ്റുന്നതിനും ടിയാനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതിനും വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ടിയാനെ കൊല്ലം ജില്ലയിലെ തീരദേശ മേഖലയിലുള്ള കുഴിത്തുറ GFHSS -ലേയ്ക്ക് സ്ഥലം

മാറ്റുകയും ടിയാനെതിരെ സർക്കാർ തലത്തിൽ **KCS CCA** ചട്ടം **15** പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം **(1)-** പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു. ടിയാൻ പരാമർശം**(2)** പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദം അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെട്ടതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും ആയതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം**(3)** പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. സന്തോഷ് കുമാറിനെ അന്വേഷണാധികാരിയായി നിയമിക്കുകയും ചെയ്തിരുന്നു. അന്വേഷണാധികാരി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ അന്വേഷണാധികാരി മൊഴിയെടുത്തത് കുറ്റാരോപിതന്റെ സ്കൂളിലെ സഹ അധ്യാപകരുടേയും എച്ച്.എം-ന്റേതുമാണെന്നും കുറ്റാരോപിതൻ ക്ലാസ് എടുത്തതായി വിജിലൻസ് കണ്ടെത്തിയ ഗൈഡൻസ് അക്കാദമിയിൽ പരിശോധന നടത്തിയതായോ ടി സ്ഥാപനത്തിലെ മറ്റ് ജീവനക്കാരുടെ മൊഴി രേഖപ്പെടുത്തിയതായോ കാണുന്നില്ല എന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ മറികടന്ന് ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും ആയത് തീർപ്പാക്കുന്നതിന്റെ ഭാഗമായി **1960** ലെ **KCS CCA R 11(1)(iii)** പ്രകാരം ***സഞ്ചിത പ്രാബല്യമില്ലാതെ ഒരു ഇൻക്രിമെൻറ് തടയുന്നതിന് താത്കാലിക തീരുമാനമെടുത്ത്*** ടിയാന് പരാമർശം(4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ആയതിന് ടിയാൻ പരാമർശം**(5)** പ്രകാരം സമർപ്പിച്ച മറുപടി പരിശോധിച്ച് ടിയാനെ നേരിൽ കേൾക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഈ വകുപ്പിലെ അണ്ടർ സെക്രട്ടറി **12/11/2025** ന് ടിയാനെ നേരിൽ കേൾക്കുകയും ചെയ്തു. ഹിയറിംഗിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയും പങ്കെടുത്തിരുന്നു. ഹിയറിംഗിൽ പങ്കെടുത്തവരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു.

**3. ശ്രീ അനീഷ് ഒ**

i. **21.07.2025** തീയതിയിലെ **DA2/217/2023/G.Edn** നമ്പർ കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ച പ്രകാരം സ്വകാര്യ സ്ഥാപനത്തിൽ ട്യൂഷൻ എടുത്തു എന്നത് പൂർണ്ണമായും വസ്തുതാവിരുദ്ധമാണ്. രോഗിയായ മാതാവും ഭാര്യയും കുട്ടിയും മാത്രമടങ്ങുന്നതാണ് തന്റെ കുടുംബം. തന്റെ മുൻ വിദ്യാർത്ഥിയും അയൽവാസിയുമായ ശ്രീ വിഷ്ണു നടത്തുന്ന സ്ഥാപനമാണ് ഗൈഡൻസ് അക്കാദമി സയൻസ് ട്യൂഷൻ സെൻറർ.

ii. വീട്ടിലേക്കും അമ്മക്കും അത്യാവശ്യമായ ചില സാധനങ്ങൾ വാങ്ങുന്നതിനുള്ള ലിസ്റ്റ് വിഷ്ണുവിനെ ഏൽപ്പിക്കുന്നതിനാണ് അന്നേ

ദിവസം ട്യൂഷൻ സെന്ററിൽ ചെന്നത്. അതേ സമയത്താണ് വിജിലൻസ് ഉദ്യോഗസ്ഥർ അവിടെ വന്നത്. അവരുടെ ചോദ്യങ്ങൾക്ക് താൻ അവിടെ പഠിപ്പിക്കുന്നില്ലെന്ന് മറുപടി നൽകിയിട്ടുള്ളതാണ്. അവിട പഠിക്കുന്ന രണ്ട് കുട്ടികളോട് തന്നെ അറിയുമോ എന്ന് വിജിലൻസ് ഉദ്യോഗസ്ഥർ ചോദിച്ചപ്പോൾ കുട്ടികൾ ഇല്ല എന്ന് മറുപടി നൽകിയിട്ടുള്ളതാണ്.

iii. അന്വേഷണ ഉദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ടിൻ പ്രകാരം തന്റെ നിരപരാധിത്വം പൂർണമായും ബോധ്യപ്പെടുന്നതാണ്. ടി റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിൽ പ്രതിപാദിക്കുന്ന ആരോപണങ്ങൾ സാധൂകരിക്കുന്ന ഒന്നും തന്നെ ഇല്ല എന്നത് വ്യക്തമാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് തെളിവായി സ്വീകരിച്ച് തനിക്കെതിരെയുള്ള അച്ചടക്കനടപടികൾ പൂർണമായും ഒഴിവാക്കാവുന്നതാണ്.

iv. **25/09/24** ലെ **396045/24-25-Sr AO/HSE (DGE)** നമ്പർ പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്, **28/10/22** ൽ സമർപ്പിച്ച പ്രതിവാദ പത്രിക, **07/08/25** ൽ നല്കിയ ന്യായവാദപത്രിക പ്രകാരം ബോധിപ്പിച്ച ന്യായവാദങ്ങൾ കൂടി പരിഗണിച്ച് തനിക്ക് എതിരെയുള്ള എല്ലാ അച്ചടക്കനടപടികളും അവസാനിപ്പിക്കണം. അല്ലാത്തപക്ഷം തനിക്ക് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾക്ക് ഇടയാകുന്നതാണ്.

**4. <u>പൊതു വിദ്യാഭ്യാസ ഡയറക്ടർ</u>**

i. കൊല്ലം ജില്ലയിലെ തൊടിയൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി ശ്രീ.അനീഷ്.ഒ, സ്വകാര്യ ട്യൂഷൻ സെന്ററിൽ ട്യൂഷൻ എടുക്കുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാനെതിരെ കാരണം കാണിക്കൽ നോട്ടീസ് ലഭ്യമാക്കിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിൻമേൽ ശ്രീ.അനീഷ് ഒ മറുപടി സമർപ്പിച്ചിരുന്നു.

ii. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം **2009** അദ്ധ്യായം **IV** ചട്ടം **28** പ്രകാരം അധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിരോധിച്ചിട്ടുണ്ട്. സർക്കാർ സർക്കുലർ നം.ഉ.പ.സി**2/76/2020**/ഉ.ഭ.പ.വ തീയതി **12/03/2020**, ഉ.പ.സി**2/76/2020**/ഉ.ഭ.പ.വ തീയതി **19/11/2020** പ്രകാരവും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.**V1/37857/2010**/ഡി.പി.ഐ തീയതി **06/07/2010** പ്രകാരവും സ്വകാര്യ ട്യൂഷൻ എടുക്കുന്ന ജീവനക്കാർക്ക്/അധ്യാപകർക്ക് എതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ശ്രീ.അനീഷ് ഒ. സ്വകാര്യ ട്യൂഷൻ എടുക്കുന്നതായി കണ്ടെത്തിയ സാഹചര്യത്തിൽ ടിയാനെതിരെ **1960**-ലെ കെ.സി.എസ്. (സി.സി&എ) ചട്ടങ്ങളിലെ ചട്ടം

15 പ്രകാരം തുടരുന്ന അച്ചടക്കനടപടിയുടെ ഭാഗമായി, ചട്ടം 11(1) (iii) പ്രകാരം ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താവുന്നതാണ്.

5. സർക്കാർ ഈ വിഷയം ശ്രീ അനീഷിന്റെ വാദഗതികൾ,പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, നിലവിലെ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

6. വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട് പ്രകാരം 15/12/2018 ന് കരുനാഗപ്പള്ളി ഗൈഡൻസ് അക്കാദമിയിൽ മിന്നൽ പരിശോധനയ്ക്കായി ഉദ്യോഗസ്ഥർ ഹാജരായ വേളയിൽ ശ്രീ അനീഷ് ഒ +2 വിദ്യാർഥികൾക്ക് മാത്തമാറ്റിക്സ് ക്ലാസുകൾ എടുക്കുകയായിരുന്നു. ടി സ്ഥാപനത്തിന്റെ ഒന്നാം നിലയിൽ സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ കൂടിയായ ശ്രീ.വിഷ്ണു +1 വിദ്യാർഥികൾക്ക് ക്ലാസ്സ് എടുക്കുകയായിരുന്നു. ശ്രീ.അനീഷ്.ഒ കഴിഞ്ഞ 1 കൊല്ലമായി ടി സ്ഥാപനത്തിൽ ക്ലാസ് എടുക്കുന്നുണ്ടെന്ന് വിദ്യാർഥികളായ ശ്രീരാഗ്, ഹരിക്കുട്ടൻ എന്നിവർ വിജിലൻസിന് മൊഴി നല്കിയിട്ടുണ്ട്.

7. താൻ അന്നേ ദിവസം മേൽ സ്ഥാപനത്തിൽ ചെന്നിരുന്നതായി ശ്രീ.അനീഷ് സമ്മതിക്കുന്നുണ്ട്. എന്നാൽ ആയതിന് ടിയാൻ നിരത്തുന്ന കാരണങ്ങൾ തീർത്തും ബാലിശവും അവിശ്വസനീയവുമാണ്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ അന്വേഷണാധികാരി മൊഴിയെടുത്തത് കുറ്റാരോപിതന്റെ സ്കൂളിലെ സഹ അധ്യാപകരുടേയും എച്ച്.എം-ന്റേയുമാണ്. എന്നാൽ കുറ്റാരോപിതൻ ക്ലാസ് എടുത്തതായി വിജിലൻസ് കണ്ടെത്തിയ ഗൈഡൻസ് അക്കാദമിയിൽ പരിശോധന നടത്തിയതായോ ടി സ്ഥാപനത്തിലെ മറ്റ് ജീവനക്കാരുടെ മൊഴി രേഖപ്പെടുത്തിയതായോ കാണുന്നില്ല.

8. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് അധ്യാപകരും സർക്കാർ ഉദ്യോഗസ്ഥരും സ്വകാര്യ ട്യൂഷൻ എടുക്കുന്നു എന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് 15.12.2018 ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് കരുനാഗപ്പള്ളി ഗൈഡൻസ് അക്കാദമി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സംയുക്ത മിന്നൽ പരിശോധന നടത്തിയത്. ആയതിനുള്ള എല്ലാ നടപടി ക്രമങ്ങളും വിജിലൻസ് പാലിച്ചിട്ടുണ്ട്. ടി സെന്ററിലെ ഒരു ക്ലാസ് മുറിയിൽ നിന്ന് +2 വിദ്യാർത്ഥികൾക്ക് മാത്തമാറ്റിക്സ് ക്ളാസ് എടുക്കുകയായിരുന്ന ശ്രീ അനീഷ് ഒ-യെ കയ്യോടെ പിടിക്കുകയാണുണ്ടായത് എന്ന് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോപണവിധേയൻ താൻ അന്നേദിവസം ട്യൂഷൻ സെൻററിൽ മറ്റൊരു ആവശ്യത്തിന് ചെന്നിരുന്നു എന്ന രീതിയിൽ വ്യാഖ്യാനിച്ച് വിജിലൻസ് പരിശോധനാ സമയം താൻ അവിടെ

ഉണ്ടായിരുന്നു എന്നത് അംഗീകരിച്ചിട്ടുണ്ട്. മാത്രമല്ല ട്യൂഷൻ സെന്ററിലെ രണ്ടു വിദ്യാർത്ഥികൾ ടിയാനെതിരെ മൊഴി നൽകിയിട്ടുമുണ്ട്.

**9.** സർക്കാർ സ്കൂളിലെ അധ്യാപകർ സ്വകാര്യ സ്ഥാപനങ്ങളിൽ ട്യൂഷൻ എടുക്കാൻ പാടില്ല എന്ന കേരള ഗവൺമെന്റ് സർവന്റ്സ് കോണ്ടക്ട് റൂൾ ചട്ടം **48** നിലവിലിരിക്കെ സ്വകാര്യ സ്ഥാപനത്തിൽ ട്യൂഷൻ നൽകുന്നതായി കണ്ടെത്തിയ ശ്രീ അനീഷ്.ഒ ടി ചട്ടം ലംഘിച്ച പ്രവൃത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്നതാണ്. സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും വിവിധ സർക്കുലറുകളിലൂടെ സ്വകാര്യ ട്യൂഷൻ എടുക്കുന്ന ജീവനക്കാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. അധ്യാപകർ കുട്ടികൾക്കും സമൂഹത്തിനും മാതൃകയാകേണ്ടവർ ആണെന്നിരിക്കെ ഇത്തരത്തിലുള്ള കൃത്യവിലോപം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. മാത്രമല്ല ചെയ്ത കൃത്യവിലോപം താൻ അവിടെ മറ്റൊരാവശ്യത്തിന് ചെന്നതായിരുന്നു എന്ന് ന്യായീകരിച്ച് രക്ഷപ്പെടാനുള്ള ശ്രമമാണ് ടിയാൻ തന്റെ പ്രതിവാദ പത്രികയിലും വിശദീകരണത്തിലും ഹിയറിംഗ് വേളയിലും നടത്തിയിട്ടുള്ളത്. ആയതിനാൽ ആരോപണ വിധേയനായ അധ്യാപകൻ ചെയ്ത ക്രമക്കേടിനും കൃത്യവിലോപത്തിനും അർഹമായ ശിക്ഷ നൽകേണ്ടതാണ്. ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറും ശിപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. അനീഷിനെ ഇടുക്കി ജില്ലയിലേക്ക് സ്ഥലം മാറ്റിയിരുന്നു . നിലവിൽ ടിയാൻ കൊല്ലം കുഴിത്തുറ **GFHSS** ലാണ് ജോലി ചെയ്യുന്നത്.

**10.** മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ തൊടിയൂർ ഗവ ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എ (ഗണിതം) അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച് വരവെ ശ്രീ. അനീഷ്. ഒ സ്വകാര്യ ട്യൂഷൻ സ്ഥാപനത്തിൽ ക്ലാസ് എടുക്കുന്നുവെന്ന് വിജിലൻസ് കണ്ടെത്തിയതിന് ടിയാനെതിരെ **1960**-ലെ കെ.സി.എസ്(സി.സി&എ) ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്കനടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി **1960**-ലെ **KCS (CC&A) Rule 11(1)(iii)** പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെൻറ് സഞ്ചിത പ്രാബല്യമില്ലാതെ തടയുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരായ അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

**1.** പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം), തിരുവനന്തപുരം

**2.** ശ്രീ അനീഷ് ഒ, എച്ച്.എസ്.എ (ഗണിതം)(പൊതുവിദ്യാഭ്യാസ ഡയറക്ടർ

മുഖേന)

3. വിജിലൻസ്(ബി)വകുപ്പ് **(26.03.2026** ലെ യു.ഒ(ആർ) നം. **VIG-B2/167/2019-VIG** പ്രകാരം)

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം

5. വെബ് കൈറ്റ്സ് , ന്യു മീഡിയ

6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 06-05-2026 16:02:15
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്